(ഡി) അനധികൃതമായി ദത്തെടുക്കുന്നതിനെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം;

(ഇ) അനധികൃത ദത്തെടുക്കൽ എപ്രകാരം ഒഴിവാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള 724 കേന്ദ്രങ്ങളുണ്ട്.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ശിശുസംരക്ഷണ കേന്ദ്രങ്ങൾ ദത്തെടുക്കൽ നടത്തുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക ലൈസൻസ് വാങ്ങിയിരിക്കണം. കുട്ടികളെ ദത്തെടുക്കുന്നതിന് ലൈസൻസുള്ള അംഗീകൃത ശിശു സംരക്ഷണ കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന ദമ്പതികളുടെ ഹോംസ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യരായ കുട്ടികളെ നിയമപരമായ മാർഗ്ഗങ്ങളിലൂടെ ലൈസൻസുള്ള ദത്തെടുക്കൽ കേന്ദ്രങ്ങളിൽ നിന്നും ദത്തു നൽകുന്നതാണ്.

(സി) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ പാമ്പാടിയിൽ പ്രവർത്തിക്കുന്ന "കരീൻ ചൈൽഡ് കെയർ സെന്റർ" എന്ന സ്ഥാപനം അനധികൃത ശിശു കൈമാറ്റം നടത്തിയിട്ടുണ്ട്.

(ഡി) ഏതെങ്കിലും ലൈസൻസുള്ള ഏജൻസിയിൽ നിന്നും അനധികൃതമായി ദത്തു നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഏജൻസിയുടെ അംഗീകാരം റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കേസ്സുകളിൽ ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ച് ക്രിമിനൽ കേസ്സ് ചാർജ്ജ് ചെയ്യാവുന്നതാണ്.

(ഇ) അനധികൃത ദത്തെടുക്കൽ തടയുന്നതിന് ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്കും ശിശുസംരക്ഷണ കേന്ദ്രങ്ങൾക്കും നൽകാവുന്നതാണ്. ആയതിലേയ്ക്ക് ടി കേന്ദ്രങ്ങളിലെ ആയമാർ, സോഷ്യൽ വർക്കർമാർ എന്നിവർക്ക് മതിയായ പരിശീലനം ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. തുടർന്നും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഐ.ടി.ഐ.-കളുടെ നവീകരണം

125 [504] ശ്രീ. യു. സി. രാമൻ:
" പി. കെ. കെ. ബാവ:
" നാലകത്ത് സൂപ്പി:
" ചെർക്കളം അബ്ദുള്ള:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആധുനിക ലോകത്ത് മാറിമാറി വരുന്ന ആവശ്യങ്ങൾക്ക് ഉപയുക്തമാകുന്ന തൊഴിലുകളിൽ ഏർപ്പെടുന്നതിന് വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്നതിന് തൊഴിൽ ശാഖകളിൽ പരിശീലനം ലഭിക്കത്തക്കവണ്ണം സിലിബസ് പരിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രേഡുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനായി താഴെക്കാണിച്ചിരിക്കുന്ന അപ്രസക്തമായ ട്രേഡുകൾ നിർത്തലാക്കി പകരം വളരെയധികം ജോലി സാദ്ധ്യതയുള്ള ട്രേഡുകൾ 2003 ആഗസ്റ്റു മുതലും 2004 ആഗസ്റ്റു മുതലും സംസ്ഥാനത്ത് ആരംഭിച്ചു.

നിർത്തലാക്കിയ ട്രേഡുകൾ	*തുടങ്ങിയ ട്രേഡുകൾ*
2003 ആഗസ്റ്റ് മുതൽ	
1. ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	ടൂൾ ആന്റ് ഡൈ മേക്കർ
2. ഫൗണ്ട്രിമാൻ	കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്
3. മെക്കാനിക് റേഡിയോ ആന്റ് ടെലിവിഷൻ	മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ്
4. വയർമാൻ	ഇലക്ട്രോപ്ലേറ്റർ
5. മെക്കാനിക് ട്രാക്ടർ	മെക്കാനിക് ഡീസൽ
6. വെൽഡർ	അഡ്വാൻസ്ഡ് ഡിപ്ലോമാ ഇൻ ഓഫീസ് ഓട്ടോമേഷൻ
7. പോസ്റ്റ് ഐ.ടി.ഐ. ടി.വി. ടെക്നീഷ്യൻ	..
8. സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്)	..
2004 ആഗസ്റ്റ് മുതൽ	
1. ഇന്റൻസീവ് പ്ലംബർ	സാനിറ്ററി ഹാർഡ്വെയർ ഫിറ്റർ
2. വാച്ച് ആന്റ് ക്ലോക്ക് റിപ്പയർ	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്
3. സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്)	ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ്
4. ഹെയർ ആന്റ് സ്കിൻകെയർ	ഇലക്ട്രീഷ്യൻ
5. ഫൗണ്ടറിമാൻ	ഡ്രൈവർ -കം-മെക്കാനിക്
6. ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	ഡാറ്റ എൻട്രി ഓപ്പറേറ്റർ
7. എം.ആർ.റ്റി.വി.	മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
8. പോസ്റ്റ് ഐ.ടി.ഐ. എം.ആർ.എ.സി.	ഹോർട്ടികൾച്ചർ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
9. പോസ്റ്റ് ഐ.ടി.ഐ. എം.ആർ.ടി.വി.	ഡയറിയിംഗ്
	മെക്കാനിക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്
	മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ കോഴ്സുകൾ കാലോചിതമായി നവീകരിക്കുന്നതിന് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) സിലിബസ് പരിഷ്ക്കരിക്കുന്നത് കേന്ദ്ര തൊഴിൽ മന്ത്രാലയമാണ്. 1996 മുതൽ 2002 വരെ 34 എൻ.സി.വി.റ്റി. ട്രേഡുകൾ ഡി.ജി.ഇ.റ്റി. ന്യൂഡൽഹി പരിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റേഷൻ തൊഴിലാളികളും പാർപ്പിട സൗകര്യവും

126 [510] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര തേയില പ്ലാന്റേഷനുകളാണുള്ളതെന്നും അവ ഏതൊക്കെ ആണെന്നും ആരുടെയൊക്കെ ഉടമസ്ഥതയിലാണെന്നും അവ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയാണെന്നും ഓരോന്നിലും എത്ര തൊഴിലാളികളും മാനേജീരിയൽ ജീവനക്കാരുമുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്ലാന്റേഷനുകളിൽ ഏതെല്ലാം ഏത് തീയതി മുതൽ ലോക്കൗട്ട് ചെയ്തിരിക്കുകയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്ലാന്റേഷൻ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നൽകിയിട്ടുള്ള എത്ര പ്ലാന്റേഷനുകൾ ഉണ്ടെന്നും, പ്രസ്തുത പാർപ്പിടങ്ങളിൽ വൈദ്യുതി ബന്ധമുള്ളവ എത്രയെണ്ണമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 74 തേയില പ്ലാന്റേഷനുകളാണ് ഉള്ളത്. വിശദവിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.† മാനേജീരിയൽ ജീവനക്കാരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്ലാന്റേഷനുകൾ ലോക്കൗട്ട് ചെയ്ത തീയതി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.†

(സി) 309 പ്ലാന്റേഷനുകളിൽ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത പാർപ്പിടങ്ങളിൽ വൈദ്യുതി ബന്ധമുള്ള 26365 ലയങ്ങളുണ്ട്.

തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

127 [511] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.